# ഗവ. ന്യൂഎൽ.പി സ്കൂൾ

## തലവടി, ആലപ്പുഴ



**സ്കൂൾ കോഡ് – 46301**

**സ്ഥാപിതം –1916**

# ഗവ. ന്യൂ.എൽ. പി സ്കൂൾ

## തലവടി

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025–2026

| | | |
|---|---|---|
| ഉപജില്ല | – | തലവടി |
| വിദ്യാഭ്യാസ ജില്ല | – | കുട്ടനാട് |
| ജില്ല | – | ആലപ്പുഴ |

| | | |
|---|---|---|
| Name of School | : | Govt. New L P S Thalavady |
| School Code | : | 46301 |
| ESTD | : | 1916 |
| Name of Revenue Village | : | Thalavady |
| Name of Cluster | : | Govt. New. L P S Thalavady |
| Name of Panchayath | : | Thalavady |
| Name of Sub- District | : | Thalavady |
| Name of Block | : | Champakulam |
| Name of Educational Dist. | : | Kuttanadu |
| Name of revenue Dist | : | Alappuzha |
| Name of H M with Phone | : | Sindhu kumari P.S |
| | : | 8281524013 |

# ഉള്ളടക്കം


√ ആമുഖം

√ സ്കൂൾ ചരിത്രം

√ സ്കൂൾ മികവിന്റെ കാഴ്ച്ചപാട്

√ ഇപ്പോഴത്തെ അവസ്ഥ

√ ലക്ഷ്യങ്ങൾ

√ അവസ്ഥാവിശകലന റിപ്പോർട്ട്

√ മുന്നൊരുക്കം

√ നിലവിലെ അവസ്ഥാ വിശകലനം

√ പ്രശ്നങ്ങൾ, വെല്ലുവിളികൾ

√ പദ്ധതി രൂപീകരണ പ്രക്രിയ

√ വിഷയ മേഖലാ പ്രവർത്തനങ്ങൾ

√ മോണിറ്ററിംഗ്

√ ഉപസംഹാരം

# <u>ആമുഖം</u>

ആലപ്പുഴ ജില്ലയിലെ തലവടി പഞ്ചായത്തിൽ ഉൾപ്പെട്ട തലവടി, എന്ന പ്രദേശത്തു സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് ഗവൺമെന്റ് ന്യു എൽ. പി സ്കൂൾ തലവടി. തലവടി പഞ്ചായത്തിലെ 7-ാം വാർഡിൽ ഈ സ്കൂൾ സ്ഥിതിചെയ്യുന്നു. തലവടി ചക്കുളത്തുകാവ് എന്നീ പ്രദേശങ്ങളിലെ കുട്ടികൾ ഇവിടെ അദ്ധ്യയനത്തിനായി എത്തുന്നു. പാഠ്യപാഠ്യേതര വിഷയങ്ങളിൽ സ്കൂളിലെ മുഴുവൻ കുട്ടികളെയും മിടുക്കരാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെ പുതിയ അദ്ധ്യായന വർഷത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ ശ്രമിക്കുന്നു.

വിദ്യാലയ വികസനത്തിന് ഗ്രാമത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. പ്രദേശവാസികൾ രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ജന പ്രതിനിധികൾ, വിദ്യാഭ്യാസ പ്രവർത്തകർ, വിവിധ റിസോഴ്സ് അദ്ധ്യാപകർ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ വിദ്യാലയം വിവിധ മേഖലകൾ നേരിട്ടുള്ള പ്രതിസന്ധികൾ തിരിച്ചറിഞ്ഞ് അക്കാദമികവും ഭൗതികവുമായി ഉയർന്ന നിലവാരം കൈവരിക്കലാണ് ഈ വികസന പദ്ധതിയിലുടെ ലക്ഷ്യമിടുന്നത്.

ഈ വർഷത്തെ സ്കൂൾ തീം ***"അറിവായനം"*** ക്ലാസ് മുറിയിലെ പ്രവർത്തനങ്ങളോടൊപ്പം വിശാലമായ ലോകത്തിലെ അറിവിലേക്കും തിരിച്ചറിവിലേക്കും കുട്ടികളെ നയിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ശ്രമിക്കുന്നു.

കുട്ടികളുടെ അക്കാദമികവിഷയങ്ങളിൽ ഉള്ള അറിവ് പരിശോധിച്ച് പിന്നാക്കം നിൽക്കുന്ന കുട്ടികൾ, പിന്നാക്കാവസ്ഥ നേരിടുന്ന വിഷയങ്ങൾ ഇവയ്ക്കു പ്രത്യേകത പ്രാധാന്യം കൊടുത്ത് പരിഹാരബോധനം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ട്. തുടർപ്രവർത്തനസാധ്യതകൾ ഏറെയുള്ള വിവിധ പദ്ധതികൾ രക്ഷകർത്താക്കളുടെ കൂടി സഹകരണത്തോടെ മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്.

സചിത്ര നോട്ട്ബുക്ക്, സംയുക്ത ഡയറി ഇവ അർഹിക്കുന്ന പ്രാധാന്യത്തോടെ കൃത്യതയോടെ മുന്നോട്ട് കൊണ്ടുപോകുവാനും ***"മലയാളത്തിളക്കം"***, ***"ഗണിതംമധുരം"***, ***"ഗണിതവിജയം"*** ***"വായനാചങ്ങാത്തം"*** **"Say Hai to English"** ഇവ തുടങ്ങുവാനും എസ് . ആർ ജി യിൽ തീരുമാനം എടുത്തിട്ടുണ്ട് .

## സ്കൂൾ ചരിത്രം

തലവടി ഗ്രാമത്തിൽ തലവടി സബ്ബ് ജില്ലയിൽ സ്ഥിതി ചെയ്യുന്ന വളരെ പ്രസിദ്ധമായ ഒരു വിദ്യാലയമാണ്. 129 വർഷം പിന്നിട്ടു നിൽക്കുന്ന ഈ വിദ്യാലയം തലവടിയിലെയും സമീപപ്രദേശങ്ങളിലും ഉള്ള എല്ലാ ആളുകൾക്കും ജാതിമത ഭേദമന്യേ ഏറ്റവും മികച്ച മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകിവരുന്നു.1888 സെപ്റ്റംബറിൽ അഥവാ 1064 കന്നിമാസം ഒന്നാം തീയതി തലവടിയുടെ പുണ്യഭൂമിയിലെക്കു വിജ്ഞാനത്തിന്റെ വെളിച്ചവുമായി ഈ കലാക്ഷേത്രം സ്ഥാപിതമായി **നെടിയശാല** എന്നറിയപ്പെട്ടിരുന്ന ഓലമേഞ്ഞ കെട്ടിടത്തിലായിരുന്നു ഏറെക്കാലം ഈ സ്കൂൾ പ്രവർത്തിച്ചിരുന്നത്. 1907 ൽ മലയാളം മീഡിൽ സ്കൂളായി ഈ വിദ്യാലയം ഉയർത്തപ്പെട്ടു. വാര്യത്ത് കുടുംബക്കാർ സർക്കാറിന് സംഭാവന ചെയ്ത 30 സെന്റ് ഭൂമിയിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരു പോലെ പ്രവേശനം നൽകിയിരുന്നു.

പാഠ്യേതര പ്രവർത്തനങ്ങളായ ഹലോ ഇംഗ്ലീഷ്, വിദ്യാരംഗം കലാ സാഹിത്യ വേദി, എക്കോ ക്ലബ്ബ് , മലയാളതിളക്കം, വിവിധ ക്ലബ്ബുകൾ തുടങ്ങിയവ ഇവിടെ പ്രവർത്തിക്കുന്നു. ലളിതാംബിക അന്തർജനം, സഫിയാ ബീവി, സൗദ ബീവി, ബിന്ദു, മേരിജമ്മ, ബീനാകുമാരി, റഹിയ, ബീജു തുടങ്ങിയവർ മുൻകാല അദ്ധ്യാപകരും ഡോ. വിനോദ്, രാധാകൃഷ്ണൻ, പി വി. രവീന്ദ്രനാഥ് എന്നിവർ പ്രശസ്തരായ പൂർവ്വ വിദ്യാർത്ഥികളാണ്. ആമ്പലപ്പുഴ -തിരുവല്ല റോഡരുകിൽ അമ്പലപ്പുഴയിൽ നിന്നും 18 കീമി. കിഴക്കായി ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നു. തലവടി ഗ്രാമപഞ്ചായത്ത് ഓഫീസ് , തലവടി ആരോഗ്യകേന്ദ്രം എന്നിവ ഇതിന് സമീപമായി ഉണ്ട് .

**ഭൗതികസൗകര്യങ്ങൾ**

30സെന്റ് ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത് U ആകൃതിയിലുള്ള കെട്ടിടത്തിലായി 5 ക്ലാസ് മുറികളും ഒരു ഓഫീസും ഉണ്ട് 2018 ൽ ഉണ്ടായ പ്രളയത്തിൽ കെട്ടിടത്തിന്റെ മുക്കാൽ ഭാഗത്തോളം വെള്ളം കയറിയതിനാൽ തീർത്തും ശോച്യാവസ്ഥയിൽ ആണ്. ചുറ്റുമതിൽ ഉണ്ടെങ്കിലും അവിടിവിടെയായി പൊളിഞ്ഞ്ു കിടക്കുന്നു. സുസജ്ജമായ കെട്ടിടം വായനാമുറ, കമ്പ്യൂട്ടർ മുറി, ഡൈനിംഗ് ഹാൾ അത്യാധുനിക അടുക്കള , മൂത്രപ്പുര എന്നിവയുടെ അഭാവം ഈ വിദ്യാലയത്തിനുണ്ട്.

# സ്കൂൾ മികവിന്റെ കാഴ്ചപാട്

കുട്ടികളുടെ എണ്ണം കുറയുന്ന സർക്കാർ വിദ്യാലയമായി മാറുന്നു. എല്ലാവരുടെയും (പ്രദേശത്തെ) മികവിന്റെ കേന്ദ്രമായി വിദ്യാലയം മാറ്റണം എല്ലാ കുട്ടികൾക്കും ശിശു സൗഹ്യദപരമായ അന്തരീക്ഷം സൃഷ്ടിക്കും. പാഠ്യപാഠ്യേതര വിഷയങ്ങളിൽ ആവശ്യമായ പിന്തുണകൾ ലദ്യമാക്കും. യാത്രാ സൗകര്യങ്ങൾക്ക് പരിഹാരം കണ്ടെത്തി പരിഹരിക്കും മെച്ചമായ ഭൗതിക സാഹചര്യങ്ങൾ പാഠ്യ പാഠ്യേതര വിഷയങ്ങൾക്ക് ആവശ്യമായ ശ്രദ്ധ കൊടുക്കുന്ന വിദ്യാലയമാകും. കളിസ്ഥലം, കളിയുപകരണങ്ങൾ അഭിരുചിക്കനുസൃതമായ അന്തരൂക്ഷം . അദ്ധ്യാപകർ അവരുടെ സഹായിയും സുഹൃത്തുമായി മാറും. പാഠ്യ പുസ്തകങ്ങളുടെ ഭാരം ഇല്ലാത്തതായിരിക്കും . ഉച്ചഭകക്ഷണം, പ്രഭാത ഭഷണം ഇവ കുട്ടികളുടെ ആരോഗ്യത്തിനും അഭിരുചിക്കും അനുസരിച്ച് ആകും കുട്ടിയുടെ താൽപര്യത്തിനുസരിച്ച് വായനാമുറികൾ ഉണ്ടാകും. ഗണിത- ശാസ്ത്ര- പരിസര കാർഷിക - സുരക്ഷാ ക്ലബ്ബുകൾ ഏറ്റവും മികച്ചതാകും കംപ്യൂട്ടർ ലാബ്, ശാസ്ത്ര ലാബ് എന്നിവ മെച്ചപ്പെടും . കംപ്യൂട്ടർ ലാപ്ടോപ്പ് എന്നിവ അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്ന കുട്ടികളാകും . വിവരസാങ്കേചിക വിദ്യയെ കൈപ്പിടിയിലെത്തിക്കും, ജൈവ വൈവിധ്യ പാർക്ക്, ഔഷധത്തോട്ടം, പൂന്തോട്ടം, ശലഭോദ്യാനം എന്നിവ പ്രവർത്തികമാകും, ശുചിത്വവും ആരോഗ്യകരവുമായ അന്തരീക്ഷം, ഭക്ഷണം വെക്കാനും, വിളമ്പാനും കഴിക്കാനും മെച്ചമായ അന്തരീക്ഷം ഇവ ലക്ഷ്യത്തിലെത്തിക്കും. അന്തരാഷ്ട്ര പഠന നിലവാരം ഉറപ്പു വരുത്തുന്നതിനാവഷ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കും. വിദ്യാർത്ഥിയുടെ കഴിവിന്റെ സമസ്ത മേഖലകളുടെയും വികസം ലക്ഷ്യമിടും ഓരോ കുട്ടിയും വ്യത്യസ്തമായ കഴിവുകൾ ഉള്ളവരാണ്. കഴിവിന്റെ വൈവിധ്യത്തെ മാനിക്കുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം.

# ഇപ്പോൾ അവസ്ഥ

`ഭൗതിക സാഹചര്യങ്ങളിൽ മെച്ചപ്പെട്ട എ. ഇ. ഒ, ബി.ആർ. സി. എന്നീ വിദ്യാഭ്യാസ ആഫീസുകളിൽ നിന്നുള്ള ഉപദേശവും ലഭിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എസ്. എം. സി, പി. റ്റി. എ, എം. പി. റ്റി. എ തുടങ്ങിയ പിന്തുണാ സംവിധാനങ്ങളും ഫലപ്രദമായി പ്രവർത്തിക്കുന്നു. സഹകരണവും ഉണ്ട്.

മെച്ചപ്പെട്ട സ്കൂൾ കെട്ടിടങ്ങൾ, ക്ലാസ് മുറികൾ, യൂണിഫോം, കുടിവെള്ള സംവിധാനം, ടോയ്ലെറ്റ്- യൂണിനൽ സൗകര്യങ്ങൾ, പരിസരശുചിത്വം, പോഷകാഹാര സമൃദ്ധമായ ഉച്ചഭക്ഷ പരിപാടി , പ്രഭാതഭക്ഷണം തുടങ്ങിയവ മെച്ചപ്പെട്ട സാഹചര്യങ്ങൾ ഉണ്ടെങ്കിലും പ്രവേശനം തേടുന്നവരുടെ എണ്ണം കുറയുന്നതായി കണക്കുകൾ കാണിക്കുന്നു.

1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ 6 ഉം പ്രീപ്രൈമറി -4ഉം ആകെ -10 കുട്ടികളാണ് ഇവിടെ പഠിക്കുന്നത്.

നിലവിലുള്ള അദ്ധ്യാപകർ ക്ലാസ്സുകൾ മെച്ചമായ രീതിയിൽ കൈകാര്യം ചെയ്യുന്നു. രക്ഷകർത്താക്കളുടെ നിർദ്ദേശപ്രകാരം എസ്. എം. സി യുടെയും അദ്ധ്യാപകരുടെയും സഹായ സഹകരണത്തോടു കൂടി പ്രീ-പ്രൈമറി 2012 മുതൽ പ്രവർത്തിച്ചു വരുന്നു. നിലവിൽ 4 കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നു.

# ലക്ഷ്യങ്ങൾ

എല്ലാ വിഭാഗം കുട്ടികളേയും പരിഗണിച്ച് കൊണ്ട് പഠനപ്രവർത്തനങ്ങൾ തയ്യാറാക്കി ലിംഗസമത്വം , തുല്യനീതി തുടങ്ങിയവ ഉറപ്പുവരുത്തുന്നു.

ആധുനിക കാലഘട്ടത്തിൽ ജീവിക്കുന്നതിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകി മുഴുവൻ കുട്ടികളേയും അറിവു നിർമാണത്തിൽ കഴിവുള്ളവരാക്കുക.

ആത്മവിശ്വാസത്തോടെ പൊതുസദസ്സുകളെ അഭിമുഖീകരിക്കുന്നതിനുള്ള കഴിവു വർദ്ധിപ്പിക്കുക.

മുഴുവൻ കുട്ടികൾക്കും ആരോഗ്യകായിക ക്ഷമത ഉറപ്പാക്കുക

സഹജീവിസ്നേഹം , അലിവ് ആർദ്രത, സഹിഷ്ണുത, അനുതാപം എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരൻമാരാക്കി മാറ്റുക.

മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികൾക്കും ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.

ആശയങ്ങൾ , അറിവുകൾ, അനുഭവങ്ങൾ , മുന്നറിവുകൾ, എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക

പരീക്ഷണ - നീരിക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.

കാലാകായിക പ്രവർത്തി പഠനാശയങ്ങൾ മറ്റുവിശയങ്ങളുമായി ഉൾച്ചേർത്തുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിലൂടെ മുഴുവൻ കുട്ടികളെയും ഭാഷയിലേയും ഗണിതത്തിലേയും പരിസരപഠനത്തിലെയും പഠനനേട്ടങ്ങൾ പൂർണ്ണമായും കാര്യക്ഷമമായും നേടിയവരാക്കുക.

മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണശേഷിയുള്ളവരാക്കി മാറ്റുക.

ഗണിതം ഉല്ലാസപ്രദവും കൗതുകപരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.

ഇംഗ്ലീഷ് വിഷയം ആസ്വാദ്യകരവും കൂടുതൽ പ്രയോഗികപ്രദവും ഇംഗ്ലീഷിന്റെ ശേഷികൾ ഉറപ്പാക്കുന്നതിനുമായി ***"Say Hai to English"***എന്ന പദ്ധതിക്കു ഈ വർഷം തുടക്കം കുറിച്ചു.

വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.

## അവസ്ഥാവിശകലന റിപ്പോർട്ട്

- ഒന്നാം ക്ലാസ്സ് മുതൽ മൂന്നാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ മൂന്നറിവുകൾ വിവിധ പഠനപ്രവർത്തനങ്ങളിലുടെ വിലയിരുത്തുകയും കണ്ടെത്തിയ കാര്യങ്ങൾ ലിസ്റ്റ് ചെയ്യുകയും ചെയ്തു
- ഭൂരിഭാഗം കുട്ടികൾക്കും വാചികമായി ഭാഷ പ്രയോഗിക്കാനുള്ള കഴിവ് കുറവാണ്.
- ലേഖനത്തിൽ ധാരാളം തെറ്റുകൾ വരുത്തുന്നു.
- ഭാഷവിഷയങ്ങൾ - വായന മെച്ചപ്പെടേണ്ടതുണ്ട്
- ആശയപ്രകടനശേഷി, പദസമ്പത്ത് തീരെയില്ല.
- സംഖ്യാബോധം , സങ്കലനം, വ്യവകലനംതുടങ്ങിയ അടിസ്ഥാന ശേഷികളിൽ പിന്നാക്കാവസ്ഥ നിലനില്ക്കുന്നു.
- പ്രയോഗിക പ്രശ്നനിർധാരണശേഷിയിൽ ധാരണ കുറവാണ്.

## അവസ്ഥാവിശകലന ടൂൾ

√ **കളികൾ**
√ **ചെക്ക് ലിസ്റ്റ്**
√ **ചോദ്യവലികൾ**
√ **മുന്നറിവ്പ്രവർത്തനങ്ങൾ**
√ **സന്നദ്ധത പ്രവർത്തനങ്ങൾ**

# മുന്നൊരുക്കം

- ഒരോ കുട്ടിയുടെയും സംഗ്രമായ വിവരങ്ങളുള്ള പ്രൊഫൈൽ തയ്യാറാക്കുന്നു.
- കുട്ടിയുടെ നിലവിലെ അവസ്ഥ, കഴിവ്, പരിമിതികൾ രേഖപ്പെടുത്തുന്നു.
- എല്ലാ ദിവസവും രക്ഷിതാവിന്റെ അക്കാദമിക പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമൊരുക്കുന്നു
- അക്കാദമിക മാസ്റ്റർ പ്ലാൻ CPTA യിൽ ചർച്ച ചെയ്യുന്നു.

## പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ

- കലാ-കായിക പ്രവൃത്തി പരിചയ പോലുള്ള മേഖലകൾക്ക് പരിശീലനം കൊടുക്കുന്നതിനായി സമീപത്തെ വിദ്യാലയങ്ങളിൽ അദ്ധ്യാപകരെയും സമീപത്തെ വിദഗ്ധരേയും ആശ്രയിക്കും.

- ശിശു- സൗഹൃദ പുസ്തകങ്ങളുടെയും ഗ്രന്ഥശാലയുടെയും ഉപയോഗം ഉറപ്പാക്കും രക്ഷിതാക്കളേയും , ലൈബ്രറി കൗൺസിലിനേയും സമീപിക്കും.

- അക്കാദമിക കേന്ദ്രങ്ങളായി സ്കൂൾ മാറ്റുന്നതിന്, അക്കാദമിക പ്രവർത്തനങ്ങളിൽ കലോചിതമായ മാറ്റങ്ങൾ ഉണ്ടാകുന്നിന്, അക്കാദമി പ്രവർത്തനങ്ങൾ മികവിന്റെ പരസയങ്ങളും പ്രചാരണങ്ങളുമാക്കി മാറ്റുന്നതിന് ദൃശ്യ- വാർത്താ മാധ്യമങ്ങളുടെ സഹായം തേടും.

- ഗണിതം മധുരമാക്കാൻ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ രസകരമാക്കും റിസോഴ്സ് അദ്ധ്യാപകരുടെ സഹായം ലഭ്യമാക്കും. ഗണിത ക്ലബ്ബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തും, ഉല്ലാസ ഗണിതം, ഗണിതമധുരം,ഗണിതകളികൾ വ്യായാമത്തിലുടെ ഗണിതക വ്യായമം

- സ്കൂൾ സംരക്ഷണ സമിതികൾ രൂപികരിച്ച് സ്കൂൾ പ്രവർത്തനങ്ങളെ കൃത്യമായി അവലോഹനം നടത്തേണ്ടതുണ്ട്.

- പ്രഭാതഭക്ഷണം ഉച്ചഭക്ഷണ പരിപാടി എന്നിവ യാതൊരു വീഴ്ചയും വരുത്താതെ നടത്തുന്നതിന് ബന്ധപ്പെട്ട അധികാരികളെ സമീപിക്കും.

- ഇംഗ്ലീഷ് പഠനം രസകരമാക്കാനും കുട്ടികൾക്ക് എളുപ്പം ഗ്രഹിക്കാനും കൈകാര്യം ചെയ്യുന്ന തരത്തിൽ ക്ലാസ്സുകൾ നടത്തും ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനം മെച്ചപ്പെടുത്തും

# <u>വിഭവ സമാഹരണം</u>

■ പൂർവ്വാദ്ധ്യാപകർ , വിദ്യാർത്ഥികൾ, വിദ്യാലയ സംരക്ഷണ സമിതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ വഴി വിഭവ സമാഹരണം നടത്താം.

■ പ്രദേശത്തെ സന്നദ്ധ സംഘടനകളെ ആശ്രയിക്കാം

■ സമഗീതം, കലാ- കായികം എന്നിവയുടെ പരിശീലനത്തിന് അടുത്ത സ്കൂളു കളിലെ അദ്ധ്യാപകരെ ആശ്രയിക്കാം.പൂർവ്വ വിദ്യാർഥികളെ ആശ്രയിക്കാം.

■ സമൂഹത്തിലെ വിശിഷ്ട വ്യക്തികളെ ആശ്രയിക്കാവുന്നതാണ്.

■ വിവിധ ക്ലബ്ബുകൾ, ഡിപ്പാർട്ട്മെന്റുകൾ, സൊസൈറ്റികൾ എന്നിവയെ ആശ്രയിക്കാം.

■ സ്കൂൾ വികസന സമിതിയുടെ പ്രവർത്തനം സജീവമാക്കുക.

■ എസ്. എം. സി, പി.റ്റി. എ വിവിധ ക്ലബ്ബുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങളി ലൂടെ അവശ്യമായ സേവനം പ്രയോജനപ്പെടുത്താം.

■ സ്കൂൾ ബസ് പോലുള്ള യാത്രാസൗകര്യം ഉണ്ടാകുന്നതിന് ശ്രദ്ധിക്കണം.

■ അദ്ധ്യാപക -രക്ഷർത്തു വിദ്യാർത്ഥി ബന്ധം നിരന്തരം ഉണ്ടാകണം

# പ്രശ്നങ്ങൾ വെല്ലുവിളികൾ

| **പ്രശ്നങ്ങൾ** | **പരിഹാര നിർദ്ദേശങ്ങൾ** | **പദ്ധതി പ്രവർത്തനങ്ങൾ** |
|---|---|---|
| അക്കാദമികം | | അക്ഷരം ഉറപ്പിക്കുക |
| ഭാഷാപരമായ പിന്നോക്കാവസ്ഥ (മലയാളം, ഇംഗ്ലീഷ്) | | വായനാകാർഡ് |
| വായനാ പരിപോഷണം | പ്രാഥമിക നില നിർണ്ണയം | കഥ പൂർത്തിയാക്കൽ |
| രചനാ പോഷണം | ദത്തെടുക്കൽ | വായനാക്കൂട്ടം ക്ലാസ്സ് |
| ഗണിതത്തിലെ പിന്നോക്കാവസ്ഥ (സംഖ്യാ ബോധം, പ്രശ്നനിർധാരണം ക്രീയകൾ) | പ്രവർത്തന പാക്കേജ് കളികളിലൂടെ ഗണിതം ഉറപ്പിക്കൽ | ലൈബ്രറി |
| ശാസ്ത്രം | ലഘുപരിക്ഷണ പ്രോജക്ട് | പതിപ്പുകൾ |
| | | അഭിമുഖങ്ങൾ |
| കായിക പരിശീലനം | പ്രത്യോക പരിശീലന അദ്ധ്യാപക നിയമനം | |
| പ്രവൃത്തി പരിചയ പരിശീലനം | ശില്പശാല | സ്കൂൾ പത്രം തയ്യാറാക്കൽ |
| കലാ പരിശീലനം | | നിരീക്ഷണ പുസ്തകം |
| പഠയാത്രകൾ | | |
| ലൈബ്രറി | | |
| ലാബ് | | |
| **ഭൗതികം** | | |
| ഹൈടെക് ക്ലാസ് റൂം | | നിർമ്മാണ പ്രവർത്തനങ്ങൾ |
| ലാബ്, ലൈബ്രറി | | |
| ചുറ്റുമതിൽ കെട്ടുക | | നിർമ്മാണ പ്രവർത്തനങ്ങൾ |

മേഖല : അക്കാദമികം

ഉപമേഖലാ : മലയാളം, (മാതൃഭാഷ)

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ.<br>2) അമ്മ പറയട്ടെ അമ്മമാർ കുട്ടി ക്കഥകൾ അവതരിപ്പി ക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ<br>ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി.<br>ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | SMC<br>മദർ പി.ടി.എ. |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് – II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | ടൌള<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന തുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

## മേഖല : അക്കാദമികം
## ഉപമേഖലാ : ഇംഗ്ലീഷ് ഭാഷ

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം<br>ഋിഴഹശവെ റമ്യ ഋിഴഹശവെ മലൈായഹ്യ. | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി<br>One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയ മറിഞ്ഞും ഒഴു ക്കോടെയും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ജറഅ | ട ട അ<br>ട ങ ഇ |
| | വാർത്താവായനാ മത്സരം സംഘടി പ്പിക്കൽ | മാസത്തിൽ ഒന്ന് | ഠലമരവല്യ | ടമ്മേള |
| | വായനാക്യാമ്പു കൾ | 3 മാസത്തിൽ ഒന്ന് | ട ട അ | ട ട അ |
| | ബാല പ്രസിദ്ധീ കരണങ്ങളുടെ വായന | ജൂൺ - മാർച്ച് | ഇഹാമഭെ ഠലമരവല്യ | ട ങ ഇ |

## English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാ ലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതു. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ഒങ ഇഹമൈ റലമരവലൃ ടങഇ ഇഹമൈ ജഠഅ | ജഠഅ ഋഃറ ടങഇ |

**മേഖല : അക്കാദമികം**

**ഉപമേഖലാ : ഗണിതം**

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സെപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | [illegible]<br>ക്ലാസ് ടീച്ചർ<br>SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

## ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കരകൗശല ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

**മേഖല : അക്കാദമികം**

**ഉപമേഖലാ : പരിസരപഠനം**

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇ ഉ | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

## പരിസരപഠനം (Std IV)

| **പ്രകൃതി നടത്തം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ-ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശേ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# <u>പദ്ധതി രൂപീകരണ പ്രക്രിയ</u>

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് യോഗം ചേർന്ന് ചർച്ചകൾ നടത്തി അക്കാദമിക മാസ്റ്റർ പാവാനിന്റെ റിപ്പോർട്ട് ഘടനയ്ക്ക് രൂപം നൽകി. തുടർന്ന് വിവിധ അദ്ധ്യായങ്ങൾ എഴുതി തയ്യാറാക്കാൻ ചുമതലകൾ വീതിച്ചു നൽകി . എസ്. എം. സി  ചേർന്ന് കരട് റിപ്പോർട്ട് അംഗീകരിച്ചു. വിവിധ വിഷയങ്ങൾ അവതരിപ്പിക്കുവാനുള്ള ആവശ്യമായ നിർദ്ദേശങ്ങൾ സ്വാംശീകരിക്കുവാൻ എച്ച്. എം. നെ ചുമതലപ്പെടുത്തി . അക്കാദമിക മാസ്റ്റർ പ്ലാൻ പ്രവർത്ത നങ്ങൾ സമയബന്ധിതമായും  കൃത്യമായും നടത്തിയാൽ പ്രവർത്തനങ്ങളുടെ ഫല പ്രാപ്തി എത്രത്തോളം ആണെന്നും അഴശ്യമായ ഭേദഗതി ഏതൊക്കെയെന്നും കണ്ടെത്തി വിശ കലനം നടത്തി.

## ഐ. സി റ്റി

എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഐ.സി.റ്റി.യുടെ ഉപയോഗം വളരെ പ്രാധാന്യമുള്ളതാണ്. അതിനുള്ള സൗകര്യങ്ങൾ സമൂഹമായും പഞ്ചായത്തുമായും ബന്ധപ്പെട്ട് സജ്ജമാക്കുന്നു. ഓരോ യൂണിറ്റുമായും നൽകാവുന്ന ഐ. സി. റ്റി സാധ്യതയുള്ള ഭാഗങ്ങൾ എസ്. ആർ.ജിയിൽ മുൻകൂട്ടി ലിസ്റ്റുചെയ്യുന്നു. അവ എങ്ങനെ കണ്ടെത്താം എന്നു മനസ്സിലാക്കുന്നു.

എല്ലാ അദ്ധ്യാപകർക്കും ഒരു ലാപ്ടോപ് എന്ന ആശയം പൂർത്തികരിക്കാനായി ശ്രമം നടക്കുന്നു.

എല്ലാ ക്ലീസ്സിലും പ്രോജക്ടർ ഉൾപ്പെടെ സജ്ജീകരിക്കാൻ ശ്രമം നടത്തുന്നു.

പൂർവ്വ വിദ്യാർത്ഥി കളുടെ സഹായത്തോടെ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും അധിക പരിശീലനം നടത്തുന്നു.

4-ാം ക്ലാസ്സിൽ നിന്നും പുറത്തു വരുന്ന കുട്ടികൾക്ക് ടൈപിംഗ്, പ്രിന്റിങ് വരെയെങ്കിലും ഉറപ്പാക്കുന്നു.

## ഹിന്ദി

ഒന്നാം ക്ലാസ്സുമുതൽ ഇംഗ്ലീഷിനോടൊപ്പം ഹിന്ദി കൂടി പഠിപ്പിക്കുന്നതിന് സൗകര്യം ഒരുക്കുന്നു. മറ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജന പ്രദമാക്കുന്നു. ആഴ്ചയിൽ ഒരു ദിവസം (വെള്ളി) ചിത്ര ആൽബം ഓരോ കുട്ടിയും ഒന്നു വീതം തയ്യാറാക്കുന്നു.

## കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ

- പൂർവ്വ വിദ്യാർഥികളെ വരുത്തി മാസത്തിൽ ഒരു പ്രാവശ്യം കലാ-കായിക പ്രവർത്തന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
- പ്രഗത്ഭരായ കലാകാരന്മാരെ വരുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു
- അദ്ധ്യാപകർക്കും , രക്ഷിതാക്കൾക്കും കലാ-കായിക പ്രവർത്തനങ്ങളിൽ പരീശിലനം നല്കുന്നു.
- പ്രവർത്തി പരിചയ മേളകൾ സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നു.
- വായാനാ മുറ്റങ്ങളുടെ തുടർച്ചയായി കലാ- കായിക മേളകൾ സാമൂഹിക പങ്കാളിത്തത്തോടെ കാര്യക്ഷമമായി നടത്തുന്നു.
- പഴയ കലാ- കായിക ക്ലാസ്സുകൾ പുതുക്കി രൂപികരിക്കുന്നു.
- മേളകളുടെ മുന്നോടിയായി സ്കൂളിൽ കലാജാഥ നടത്തുന്നു
- മാസത്തിൽ ഒരു തവണ മികച്ച യോഗാദ്ധ്യാപകരെ വരുത്തി യോഗാക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
- മാസത്തിൽ ഒരു പ്രവയത്തി പരിചയ ക്ലാസ്സ് രക്ഷിതാക്കളെയും പൂർവ്വ വിദ്യാർത്ഥികളെയും സംഘടിപ്പിച്ച് നടത്തുന്നു. ബി. ആർ. സിയുടെ സഹായം തേടുന്നു

- ഓരോ വിദ്യാർത്ഥിയുടെയും സർഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും  വേണ്ട സന്ദർഭങ്ങളും അവസരങ്ങളും വികസിപ്പിക്കും.

## പ്രതിഭ പരിപോഷണ  പരിപാടി പ്രക്രിയ

- മുൻകുട്ടി  തയ്യാറാക്കിയ ഫോർമാറ്റ് ഉപയോഗിച്ച് വിദ്യാലയത്തിലെ ഒരോ കുട്ടിയുടെയും അഭിരുചി   കണ്ടെത്തൽ
- ക്ലാസ്സ് ടീച്ചർ വിവിധ വിഷയാദ്ധ്യാപകരും ചേർന്ന് ഇതു നിർണ്ണയിക്കുന്നു.
- സമാന അഭിരുചിയുള്ളവരെ ചേർത്ത് ടാലന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നു.
- ഓരോ  ടാലന്റ് ഗ്രൂപ്പിനും നടത്തിപ്പു ചുമതലയ്ക്ക് ഓരോ കമ്മറ്റി വീതം രൂപികരിക്കുന്നു.
- വിദഗ്ദ്ധരെ കണ്ടെത്തുന്നു.
- പരിശീലനത്തിനുള്ള ടൈം ടേബിൾ രൂപപ്പെടുത്തുന്നു.
- ആവശ്യമായ ഉപകരണങ്ങൽ , മറ്റു ചെലവുകൾ എന്നിവയ്ക്കുള്ള  ധനസമാകരണം സ്പോൺസറിംഗിലൂടെ കണ്ടെത്തുന്നു.
- നിർണ്ണയിച്ച മേഖലയ്ക്കായി ആകെ എത്ര ചെലവ് എന്ന് തീരുമാനിക്കുന്നു.
- തുക പൂർണ്ണമായും സമൂഹ പങ്കാളിത്തത്തോടെ സമാഹരിക്കുന്നതിന് നടപടി എടുക്കുന്നു.
- സ്കൂൾ സമയം അറിഞ്ഞ് ദിവസങ്ങൽ ക്രമീകരിച്ച് പരിശീലനം നൽകുന്നു.
- വിദഗ്ദ്ധരുടെ സേവനം ഓരോ ഗ്രൂപ്പിനും ലഭ്യമാകുന്ന വിധത്തിൽ ടാലന്റ്പരിപോഷണം നടത്തുന്നു.

## പ്രതിഭ പരിപോഷണ പരിപാടി ( ടാലന്റ് ലാബ്)

## ടാലന്റുകളുടെ ലിസ്റ്റ്

| | മേഖല/ പദ്ധതി | ചെയർമാൻ / കൺവീനർ | നടപ്പാക്കുന്ന കാലഘട്ടം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|---|---|
| | പ്രസംഗം | സ്കൂൾ അദ്ധ്യാപകർ | ഹ്രസ്വകാലം | 2500 |
| | നിയമ പഠനം | സ്കൂൾ അദ്ധ്യാപകർ | ഹ്രസ്വകാലം | 2500 |
| | സംഗീതം | ബി ആർ സി അദ്ധ്യാപകർ | ദീർഘകാലം<br>ജൂൺ - മാർച്ച്<br>വൈകിട്ട് 4 - 4.30 വരെ | 30000 |
| | ചിത്രരചന | ബി ആർ സി അദ്ധ്യാപകർ | ദീർഘകാലം<br>തിങ്കൾ, വെള്ളി<br>1 മണിക്കൂർ വീതം | 25000 |
| | ശില്പ കല | ബി ആർ സി അദ്ധ്യാപകർ | ഹ്രസ്വകാലം<br>ശനിയാഴ്ച്ചകളിൽ | 20000 |
| | കഥപറയൽ | റിട്ട. അദ്ധ്യാപകൻ | ദീർഘകാലം<br>വെള്ളിയാഴ്ച്ച 3.30 ന് | |
| | അഭിനയം | ബി ആർ സി അദ്ധ്യാപകർ | ഹ്രസ്വകാലം<br>മെയ് രാണ്ടമത്തെ ആഴ്ച | 10000 |
| | നിർമ്മാണം | ബി ആർ സി അദ്ധ്യാപകർ | ദീർഘകാലം<br>ആഴ്ചയിൽ 1<br>വൈ. 3.30- 4.00 | |
| | ക്രാഫ്റ്റ് വർക്ക് | ബി ആർ സി അദ്ധ്യാപകർ | ആഗസ്റ്റ് , സെപ്റ്റമ്പർ<br>വെള്ളി വൈ3.00ന് | |
| | ശാസ്ത്ര പരീക്ഷണം | പൂർവ്വ പിദ്യാർത്ഥി | ശനിയാഴ്ച്ചകളിൽ | 10000 |
| | ചരിത്രാന്വഷണം | പൂർവ്വ പിദ്യാർത്ഥി | മാസത്തിൽ ഒന്ന്<br>മാസത്തിൽ 1 | |
| | സ്പേർട്സ് | സ്കൂൾ അദ്ധ്യാപകർ | രണ്ടാം ശനിയാഴ്ച്ച | 30000 |
| | കളിമൺ രൂപ നിർമ്മതി | ബി ആർ സി അദ്ധ്യാപകർ | ഹ്രസ്വകാലം | 3000 |
| | യോഗാക്ലാസ്സ് | ആയുർവേദ ഡോക്ടർ തലവടി | മാസത്തിൽ 1 | |
| | കൃഷി | തലവടി കൃഷി ഓഫീസർ, കർഷകൻ | ആഴ്ച്ചയിൽ 1 | 5000 |
| | പൂന്തോട്ട പരിപാലനം | Cook, SMC Cherman | അക്കാദമിക വർഷത്തിന്റെ ആദ്യം | 10000 |

| | | | | |
|---|---|---|---|---|
| | പരിസ്ഥിതി പ്രവർത്തനം | വാർഡ് മെമ്പർ | | |
| | സർഗാത്മക രചനകൾ | വായന/ലേഖനം ക്ലബ്ബ് ചാർജ്ജ് ടീച്ചർ | പരിശീലനം എല്ലാ വ്യാഴാഴ്ചയും ( മാഗസിൻ - മാസത്തിൽ 1) | |
| | | | | |
| | | | | |

## മേഖല: സാമൂഹ്യബന്ധ ആസൂത്രണം

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| വിദ്യാഭ്യാസ വികസന സമിതി രൂപികരണം | ജൂൺ | എസ്. എം. സി | |
| പി. റ്റി.എ/ എസ്.എം.സി രൂപികരണം | ജൂലൈ | എസ്. എം. സി | |
| പ്രതിമാസ മീറ്റീംഗ് | എല്ലാമാസവും | എസ്. എം. സി | |
| ദിനാചരണങ്ങൾ | | എസ് ആർ.ജി ടീച്ചർ | |
| ആഘോഷങ്ങൾ | ഓണം, ക്രിസ്തുമസ് | എസ്. എം. സി , | |
| സ്കൂൾ വാർഷികം | മാർച്ച് | എസ്.എം.സി,എസ് . ആർ.ജി | |
| കോർണർ പി. റ്റ. എ കൾ | എല്ലാ ടേമിലും | എസ്.എം.സി,എസ് | |
| ക്ലാസ്സ് ഫി. റ്റി. എ | എല്ലാ ടേമിലും | .ആർ.ജി | |
| രക്ഷകർത്താ ബോധവത്കരണം | എല്ലാ ടേമിലും | എസ്.എം.സി,എസ് . ആർ.ജി | |
| കംപ്യൂട്ടർ സൗകര്യം | | എസ്.എസ്.എ | |
| ആധുനിക സൗകര്യങ്ങളോടുകൂടിയ പാചകപുര | | നിർമ്മാണ പ്രവർത്തനങ്ങൾ | |
| ശിശു സൗഹൃദ ഫർണീച്ചർ | | | |
| പ്രത്യേക ക്ലാസ്സ് മുറികൾ | | | |
| ജൈവവൈവിധ്യ പാർക്ക് | കോർണർ പി. റ്റി. എ വിദ്യാഭ്യാസ സദസ്സുകൾ | സ്റ്റേജ്, കർട്ടൻ വിഭജന മറയൊരുക്കൽ പ്രീപ്രൈമറിക്ക് സൗകര്യങ്ങൾ | |
| കളിസ്ഥലം | | | |
| **സാമൂഹികം**<br>സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ വികസനത്തിന് വൈവിധ്യമാർന്ന ഇടപെടലുകൾ നടത്താൻ കഴിയുന്നതിനായി പൂർവ്വ അദ്ധ്യാപക വിദ്യാർത്ഥി കൂട്ടായ്മ നടത്താൻ സമയം കണ്ടെത്തണം. | | | |

ംങ്ങഖ്ളങ്ങ: ഗങ്ങഡഘഥബസ്ഡ ആഗഡ്രണണ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതത്വം | മൈനർ റിപ്പയ റിംഗ് | ഏപ്രിൽ, മെയ് | LSGD ഫണ്ട് | MLA / MP,LSGD, |
| സുരക്ഷിതത്വം | റിപ്പയറിംഗ് | ഏപ്രിൽ, മെയ് | എസ്. എം. സി | എൽ.എസ്.ജി.ഡി |
| ശിശുസൗഹൃദ അന്തരീക്ഷം | കിഡ്സ് പാർക്ക് | അദ്ധ്യന വർഷം | എസ്. എം.സി | LGDG, MLA ഫണ്ട് |
| ഭൗതിക സൗകര്യ വികസനം | ചുറ്റുമതിൽ അസംബളി പന്തൽ | അദ്ധ്യന വർഷം | SMC | LSGD എം. എൽ.എ/ എം.പി ഫണ്ട് |
| ഐ.സിയറ്റി പ്രയോജനം രക്ഷിതാക്കൾക്ക് | കമ്പ്യൂട്ടർ സൗകര്യം നല്കുക | അദ്ധ്യന വർഷം | ഐറ്റി അറ്റ് സ്കൂൾ | വിദ്യാഭ്യാസ വകുപ്പ് |
| പഠന പിന്തുണ | ലാബ്, ലൈബ്രറി | അദ്ധ്യന വർഷം | എസ് ആർ.ജി | വിദ്യാഭ്യാസ വകുപ്പ് |
| സൗന്ദര്യവത്ക രണം | ആധുനിക സൗകര്യങ്ങളോടെ ഉദ്യാനം | അദ്ധ്യന വർഷം | എസ്. എം. സി | എൽ.എസ്.ജി.ഡി |
| സൗന്ദര്യവത്ക രണം | മതിൽ കെട്ടൽ ആകർഷകമാക്കൽ | ഈ വർഷം | എസ്.എം സി | ഫണ്ട് എസ്.എസ്..എ |
| കാമ്പസ് ആസ് ക്ലീനിങ് എയിഡ് | ജൈവവൈവിധ്യ ഉദ്യാനം തയ്യാറാ ക്കൽ | ദീർഘകാലം | എസ്. എം. സി | LSGD ഫണ്ട് |
| ക്ലീൻ കാമ്പസ് | വെള്ളക്കെട്ട് ഒഴി വാക്കി പിസരം ഉയർത്തൽ | വർഷം | എസ്. എം.സി | എൽ. എസ്. ജി.ഡി |


## മോണിറ്ററിംഗ്


- സ്കൂളിലെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നു.
- അക്കാദമിക പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നു.
- മികവുകൾ(അദ്ധ്യാപകർ, കുട്ടികൾ, സ്ഥാപനം) വിലയിരുത്തി മികച്ച പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു.

- ഓരോ മാസവും സ്ഥാപനം കൈവരിച്ച അക്കാദമിക മികവുകളുടെ റിപ്പോർട്ടിംഗ് എച്ച്. എം യോഗത്തിൽ അവതരിപ്പിക്കുന്നു.
- മോണിറ്ററിംഗ് സമിതിയുടെ അക്കാദമിക നിർദ്ധേശങ്ങൾ എല്ലാ അദ്ധ്യാപകർക്കും ലഭ്യമാകുന്നു.
- സ്കൂൾ വാർഷിക പൊതുയോഗം സംഘടിപ്പിക്കുന്നു.

## ഉപസംഹാരം

തലവടി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സാംസ്കാരിക മേഖലയിൽ നിറം ചാർത്താൻ ഞങ്ങളുടെ സ്കൂളിന്റെ ഈ ശ്രമം തുടരുമെന്നുള്ള ഉറപ്പും പ്രതീക്ഷയോടു കൂടി ഗവൺമെന്റ് ന്യു. എൽ. പി. എസ് തലവടി .


GOVT.NEW L.P.S THALAVADY
ELEVATION
ARCHITECT & DESIGNING
CHITTEZHATHU BUILDERS, NEERETTUPURAM .P.O
PHONE : 0477- 2214248 ,MOBILE :9447482148,8547512148
email : chittezham@ yahoo.co. in


GOVT.NEW L.P.S THALAVADY
450
25
400
25
W3
W3
W3
W2
W2
D1
W3
ROOM
400x400
450
400
25
25
GROUND FLOOR
AREA-20.25m²(217.89sqf.)
ARCHITECT & DESIGNING